(Pages : 4)

**S 1910**

Sl. No.

# SSLC EXAMINATION, MARCH - 2024

## MALAYALAM

First Language - Paper II

Time : 1½ Hours

Total Score : **40**

---

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**Score**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **4x1=4**

1. "വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു."

(കൊച്ചുചക്കരച്ചി)

ഇവിടെ സൂചിപ്പിക്കുന്ന 'അത്യാഹിതം' ഏത് ?

- തടിക്കച്ചവടക്കാർ തമരുവച്ചു തുളച്ചത്
- കൊച്ചുചക്കരച്ചിയെ വെട്ടിനീക്കാൻ തുനിഞ്ഞത്
- യുദ്ധകാലമായതോടെ മാവുകൾക്ക് വിലകൂടിയത്
- കൊച്ചുചക്കരച്ചിക്ക് ജീവച്ഛേദകരമായ രോഗം പിടിപെട്ടത്.

2. "കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു."

(പ്ലാവിലക്കഞ്ഞി)

കോരൻ കണ്ട വൻ വ്യാപാരം എന്ത് ?

- നെല്ല് കൂലി കൊടുക്കൽ
- നെല്ല് നശിപ്പിക്കൽ
- കൂടിയ വിലയ്ക്ക് നെല്ല് മറിച്ചു വിൽക്കൽ
- പലിശയ്ക്ക് പണം കൊടുക്കൽ

https://www.keralaboard.com

Score

3. താഴെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയ പദമേത് ?

- വാഴ്ത്തിപ്പറഞ്ഞ - വാഴ്ത്തി, പ്പറഞ്ഞ
- പത്രങ്ങൾക്കുള്ള - പത്രങ്ങൾ, ക്കുള്ള
- വേണമെങ്കിൽ - വേണം, മെങ്കിൽ
- ഫലമില്ല - ഫലം, ഇല്ല

4. ''ഭദ്രമായ്ത്തന്നെയിരിക്കട്ടെ, കുട്ടികൾ

തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ''

തൊട്ടുവായിച്ചാൽ അശുദ്ധമെന്നോതിയത് ഏതാണ് ?

- പുസ്തകങ്ങൾ
- അമ്മയുടെ എഴുത്തുകൾ
- പഴയകാല രേഖകൾ
- മരുന്നു കുറിപ്പുകൾ

5. ''കാറ്റു മാറി വീശി. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി.''

(കോഴിയും കിഴവിയും)

മത്തായിയുടെ ഈ മാറ്റത്തിനു കാരണമെന്ത് ?

- പരോപകാര ബുദ്ധി
- ഉപകാരസ്മരണ
- പുരവയ്ക്കാനുള്ള സ്ഥലത്തിന്റെ ആവശ്യം
- ചങ്ങാത്തം പുതുക്കൽ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** **2x2=**

6. ''കൊച്ചുചക്കരച്ചിക്ക് ലേഖകൻ നൽകുന്ന മാനുഷിക ഭാവങ്ങളാണ് ആ ലളിതോപന്യാസത്തെ മനോഹരമാക്കുന്നത്.''

ഈ പ്രസ്താവനയെ സാധൂകരിക്കുന്ന, പാഠഭാഗത്തെ രണ്ട് വാക്യങ്ങൾ എഴുതുക.

7. ''അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി. കപ്പ തന്നെ കപ്പ ! അതാ ഈ വെളർച്ച. അവടെങ്ങും നെല്ലു കണികാണാനില്ല.''

(പ്ലാവിലക്കഞ്ഞി)

അക്കാലത്തെ സാമൂഹിക ജീവിതത്തിലെ എന്തെല്ലാം പ്രശ്നങ്ങളാണ് ഈ വരികളിൽ തെളിയുന്നത് ? രണ്ടെണ്ണം കുറിക്കുക.

8. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.

ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ ഗുരു പ്രകാശം പരത്തുകയും അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കുകയും ചെയ്തു.

https://www.keralaboard.com

Score

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം) 5x4=20

9. "ആരു വായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലു-
യിർക്കുമീച്ചൊല്ലുകൾ
നാളെയിക്കുട്ടികൾ
ചോദിക്കുമോ, നമ്മ-
ളാരുടെ കുട്ടികൾ ?
ആരുടെ നോവുകൾ ?

(അമ്മയുടെ എഴുത്തുകൾ)

കവിയുടെ മനസ്സിലെ ആശങ്കകൾ എന്തെല്ലാം ? ഈ ആശങ്കകൾക്ക് ഇക്കാലത്ത് പ്രസക്തിയുണ്ടോ ? സ്വാഭിപ്രായം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

10. "സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും; ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും."

(പത്രനീതി)

സുകുമാർ അഴിക്കോടിന്റെ ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കി കുറിപ്പ് തയ്യാറാക്കുക. https://www.keralaboard.com

11. "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു."

(അമ്മത്തൊട്ടിൽ)

മൃഗങ്ങൾ പോലും പരിഷ്കൃതരായ മനുഷ്യർക്ക് ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ടല്ലോ. കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. 'ഒരു നേരം ഭക്ഷണം കഴിക്കാനില്ലെങ്കിലും പരസ്പര സ്നേഹത്താൽ ഇല്ലായ്മകളെ അതിജീവിച്ചവരാണ് പ്ലാവിലക്കഞ്ഞിയിലെ കഥാപാത്രങ്ങൾ.'
പാഠഭാഗത്തിലെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

13. "എന്റെ അപ്പൻ ഒരു മാടം വെച്ചു കിടക്കാൻ സമ്മതിച്ചില്ലെങ്കിൽ ഇതുങ്ങളു വല്ല വഴീലും കെടന്നു തൊലഞ്ഞേനെ."

(മർക്കോസ്)

"ഞാനിവിടെ വന്നുകൂടിയില്ലെങ്കിൽ പിച്ചപ്പാളയും കൊണ്ടിറങ്ങേണ്ടി വന്നേനെ അവന്."

(മത്തായി)

സൂചനകളും പാഠഭാഗവും പരിഗണിച്ച് 'മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന' മർക്കോസിന്റെയും 'താഴെ നിന്ന് മേലോട്ടു വളരുന്ന' മത്തായിയുടെയും ജീവിത വീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

https://www.keralaboard.com

Score

14. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് " എന്ന ശ്രീനാരായണ സന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്."

(ശ്രീനാരായണ ഗുരു)

സമകാലിക സംഭവങ്ങളെ മുൻനിർത്തി, കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ അഭിപ്രായത്തോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. ( ഒരു പുറം) 2x6=12**

15.
- "മൂന്നു പതിറ്റാണ്ടായി നൂലു കോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു."
- "പണ്യെടുക്കമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു."
- "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം."സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിലയിരുത്തി 'ചാക്കുണ്ണി' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. ഓരോ മനുഷ്യനും തന്നിലേക്ക് ചുരുങ്ങുകയും സ്വന്തം സുഖസൗകര്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, പരസ്പര സ്നേഹവും വിശ്വാസവുമാണ് ജീവിതത്തെ മനോഹരമാക്കുന്നത് എന്ന ആശയം ആണല്ലോ 'ഓരോ വിളിയും കാത്ത് ' എന്ന കഥ നൽകുന്നത്.

ഈ അഭിപ്രായവും കഥാഭാഗവും വർത്തമാനകാല സാഹചര്യവും പരിഗണിച്ച് 'ബന്ധങ്ങളുടെ തീവ്രത – വർത്തമാനകാല സമൂഹത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. നഗര സംസ്കാരത്തിന്റെ കടന്നു വരവോടെ ഗ്രാമങ്ങളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന നാട്ടുനന്മകളെ വിളിച്ചുണർത്താനുള്ള ശ്രമമാണ് 'ഓണമുറ്റത്ത് ' എന്ന കവിതയിലൂടെ വൈലോപ്പിള്ളി നടത്തുന്നത്.

പ്രസ്താവനയും ഓണമുറ്റത്ത് എന്ന കവിതയിലെ ആശയവും വിലയിരുത്തി 'മലയാളിയുടെ മാറുന്ന ഓണസങ്കല്പം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

-oOo-

https://www.keralaboard.com